ഉത്തരം

(എ) ആർ.ജി.ജി.വി.വൈ. പദ്ധതിയുടെ ഭാഗമായി കക്കാടംപൊയിൽ ഭാഗത്ത് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പൂവാറംകോട്, മഞ്ഞക്കടവ്, പീടികപ്പാറ, മുണ്ടമല, ആനകല്ലുംപാറ, പാലക്കടവ്, തുമ്പക്കോട് മല, ഉറുമി, ചെറുശ്ശേരി.

നരിക്കുനി പഞ്ചായത്തിലെ വൈദ്യുതി ചാർജ് അടയ്ക്കുന്നത് സംബന്ധിച്ച പരാതി

24 [2013] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനിയിൽ വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ് ആരംഭിച്ചുവെങ്കിലും നരിക്കുനി പഞ്ചായത്തിലെയും തൊട്ടടുത്ത പ്രദേശങ്ങളിലെയും വൈദ്യുതി ഉപഭോക്താക്കൾ വളരെ അകലെയുള്ള ഉണ്ണികുളം സെക്ഷനിലാണ് വൈദ്യുതി ചാർജ് അടയ്ക്കേണ്ടി വരുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പരാതി പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(സി) പരാതി പരിഹരിക്കാനായി ഇപ്പോൾ ഉണ്ണികുളം ഇലക്ട്രിക്കൽ സെക്ഷനു കീഴിലുള്ള നരിക്കുനി പഞ്ചായത്തിലെ ഉപഭോക്താക്കളെ നരിക്കുനി ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്കു മാറുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിപ്രകാരം കൊടുവള്ളി മണ്ഡലത്തിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ നടപടി

25 [2014] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുവള്ളി നിയോജകമണ്ഡലത്തിലെ മടവൂർ, കിഴക്കോത്ത്, കൊടുവള്ളി കക്കോടി, ചേളന്നൂർ, കാക്കൂർ, നരിക്കുനി, ഉണ്ണികുളം എന്നീ പഞ്ചായത്തുകളിൽ വൈദ്യുതി വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; ഇവയ്ക്ക് എത്ര തുക വീതമാണ് ചെലഴിച്ചത്;

(ബി) ഇവയിൽ ഏതൊക്കെ കമ്മീഷൻ ചെയ്തു എന്നും ബാക്കിയുള്ളത് എപ്പോൾ കമ്മീഷൻ ചെയ്യുമെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതി പ്രകാരം ഈ കാലയളവിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു; അവ എവിടെയൊക്കെയാണ്; ഇവയിൽ ഏതെങ്കിലും ഇനിയും കമ്മീഷൻ ചെയ്യാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ എന്നു വിശദമാക്കുമോ?

ഉത്തരം

(എ) പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.†

(ബി) അനുബന്ധത്തിൽ ചേർത്തിരിക്കുന്ന വർക്കുകളിൽ താഴെ പറയുന്ന 7 വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട്:

1. കൂടത്തും പൊയിൽ പാറ മണ്ണിൽ
2. ഇച്ചാനൂർ-സ്കൂൾ
3. കണ്ടീൽ മീതൽ
4. കൊയ്ലോത്തുകര
5. ആനപ്പാറ
6. പൂക്കോട്ടിൽ ഏരിയ
7. പുറങ്ങോട്ടൂർ.

സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ പണികൾ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) താഴെ പറയുന്ന സ്ഥലങ്ങളിൽ 13 ട്രാൻസ്ഫോർമറുകൾ ഒരെണ്ണം വീതം സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്:

1. ചേലക്കര താഴം
2. വേണക്കാട് ഭാഗം
3. കെ. എ. ഒ. കോളേജ്
4. മുക്കിടങ്ങാട്
5. കച്ചേരിമുക്ക്
6. വല്ലപ്പാറപ്പൊയിൽ
7. ചുള്ളിയാട് മസ്ജിദ്
8. പൂവത്തൊടിക
9. മുത്തമ്പലം
10. പനയങ്കണ്ടി ഭാഗം
11. കുട്ടമ്പൂർ
12. ഒട്ടുപാറ
13. മങ്ങാട്.

കൊടുവള്ളി മണ്ഡലത്തിൽപ്പെട്ട കിഴക്കോത്ത് പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

26 [2015] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പന്നൂർ-കുറ്റ്യാങ്ങുവയൽ 60 കെ. വി. ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി 100 കെ. വി.യാക്കി വർദ്ധിപ്പിക്കണ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly